

little KITEs

# Tech_Art

## Digital Magazine


**M.E.S.HIGHER SECONDARY SCHOOL**

IRIMBILIYAM -PH: 9846 907 778

E-mail: meshsibm@gmail.com

# Tech_Art

Digital Magazine 2019-20



M.E.S.HIGHER SECONDARY SCHOOL

IRIMBILIYAM

PH: 9846 907 778

E-mail: meshsibm@gmail.com

**Our Corporate Manager**



**Dr. FAZAL GAFOOR**

**SECRETARY**



**V.P.KUNHIMUHAMMED**

**PRINCIPAL**



**FIROS.C.M**

**HEAD MASTER**



**ASHRAFALI.K**

# MES HIGHER SECONDARY SCHOOL STAFF
## IRIMBILIYAM 2019-2020



## ആമുഖം

എം.ഇ.എസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബ്ബ് രണ്ടാമത് ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു.

സർഗാത്മകതയും,സാങ്കേതികവിദ്യയും സമന്വയിക്കുന്ന സുന്ദര മുഹൂർത്തങ്ങൾ ആണ് ഈ താളുകൾ.ഓരോ ചിന്തയും സ്വപ്നവും കർമ്മവും സഫലമാകുന്ന ഈ ധന്യ നിമിഷത്തിൽ നിങ്ങൾ ഓരോരുത്തരുടെയും അനുഗ്രഹവും പ്രാർത്ഥനയും പ്രതീക്ഷിച്ചുകൊണ്ട്. സ്നേഹാദരങ്ങളോടെ

സ്റ്റുഡൻറ് എഡിറ്റർ

## ഉള്ളടക്കം

അപ്പുവിനോടുള്ള വാത്സല്യം

ഇവിടെ വിട്ടെങ്ങു പോകാൻ?

ആഗ്രഹം സാധക്കുന്ന കിണർ

കലയും കുമാരിയും

മഴവെള്ളത്തിൽ കളിവള്ളം

ആസ്വാദനക്കുറിപ്പ്

മതേ തരത്വം

അവൾ

വളപ്പൊട്ടുകൾ

തെന്നൽ

പ്രതീക്ഷയുടെ  നാമ്പുകൾ

പുത്തൻമഴ

ചെറുപുഷ്പം

ഓർമക്കുറിപ്പ്

**കുടവയറൻ**

**Everything To Me...**

**ഒരിക്കൽ കൂടി**

**The World Outside Home**

***സംസ്കാരവും വിദ്യാഭ്യാസവും***

# അപ്പുവിനോടുള്ള വാത്സല്യം

ഒരു രാജ്യത്ത് ഒരു കുടുംബം താമസിച്ചിരുന്നു അവർ വളരെ സന്തോഷത്തോടെയാണ് കഴിഞ്ഞിരുന്നത് ഒരു ദിവസം ഉണ്ണിക്കുട്ടന് സംശയം തോന്നി അമ്മക്ക് എന്നെ തീരെ ഇഷ്ട്ടമില്ല എന്ന്. പിറ്റെ ദിവസം അപ്പുവിന് ചിത്രരചനയിൽ ഒന്നാം സ്ഥാനം ലഭിച്ചു അമ്മക്ക് വളരെയധികം സന്തോഷമായി അവൻക്ക് സമ്മാനമായി കളറിങ് പുസ്തകം വാങ്ങിക്കൊടുത്തു. ഇത് കണ്ട് ഉണ്ണിക്കുട്ടന് വളരെയധികം സങ്കടവും ദേഷ്യവും വന്നു.

അവൻ മനസ്സിൽ വിചാരിച്ചു ഞാൻ മത്സരത്തിന് പങ്കെടുത്തിരുന്നുവല്ലോ അതിന്റെ റിസൾട്ട് വരട്ടെ എന്നിട്ട് നോക്കാം. എന്ന് പറഞ്ഞു അങ്ങനെ അവന്റെ റിസൾട്ട് വന്നു അപ്പുവിന് കിട്ടിയപോലെ തന്നെ ഒന്നാം സ്ഥാനം. അമ്മയോട് സന്തോഷം പറഞ്ഞു അമ്മ അവനോട് അഭിനന്ദനം അറിയിച്ചു എന്തുകൊണ്ട് അമ്മ എനിക്ക് സമ്മാനം വാങ്ങിതന്നില്ല അവൻക്ക് ദേഷ്യം വന്നു അവൻ അപ്പുവിനെ കൊല്ലാൻ തീരുമാനിച്ചു അപ്പു ഉറങ്ങുന്നസമയത്ത് അവനെ തലക്ക് അടിക്കാൻ വേണ്ടി വടിയെടുത്തു.അപ്പോൾ അമ്മ അവന് സമ്മാനമായി കളിപ്പാട്ടം വാങ്ങി അവന്റെ റൂമിൽ കയറിക്കൊടുക്കാനിരുന്നപ്പോൾ അമ്മകണ്ടു.അമ്മ വേണ്ട എന്ന് പറഞ്ഞു ഇങ്ങനെയൊക്കെയാണ് കാര്യമെന്നു പറഞ്ഞു അവൻക്ക് സമ്മാനം എടുത്തു അവന്റെ കയ്യിൽ വെച്ച് കൊടുത്തു.

ഇനി ഇങ്ങനെ ചെയ്യില്ല എന്ന് പറഞ്ഞു. ഒരു കാരണവശാലും അസൂയ പെടരുത് അത് നമ്മളെ വല്ലാതെ വേദനിപ്പിക്കും

JISLA PARVIN T.T
8.A

**ഇവിടെ**

**വിട്ടെങ്ങു പോകാൻ?**

പ്രിയതരമാരോ വിളികക്കുന്നുവെങ്കിലും
ഇവിടെ വിട്ടെങ്ങു പോകാനാ നീ ഞാൻ ?
സ്വരമുറങ്ങുംവേണു
ചുംമ്പിച്ചുണർത്തു മാ
മാണിവർണ വിഗ്രഹം കണ്ടുവണങ്ങുവാൻ

ഇനി വിടപറയലിന്റെ നിമിഷങ്ങൾ ഈ
നീണ്ട ഇടനാഴിയും
സൗഹൃദത്തിന്റെ
കൈത്താങ്ങും
എല്ലാം എല്ലാം നമുക്കും
നെയ്തു കൂട്ടിയ സ്വപ്നങ്ങളും
കോർത്തിണക്കിയ സൗഹൃദങ്ങളും
ഇവിടെ വീണ്ടടയുന്നു

Life is Pasant
Death is Peaceful
It's the dransition
that's trouble so me
I save Asimal

fathima Binshi
VIII -E

# ആഗ്രഹം സാധക്കുന്ന കിണർ

ഒരിക്കൽ ഒരു കിണർ ഉണ്ടായിരുന്നു. അതിനെ എല്ലാവരും ആഗ്രഹം സാധിക്കുന്ന കിണർ എന്നാണ് വിളിക്കുന്നത്. അതിലേക്ക് ഒരു സ്വരണ നാണയം ഇട്ടാൽ അത് നമ്മൾ പറയുന്ന ആഗ്രഹം നടത്തി തരും' ഒരാൾ പറഞ്ഞു: "അഗ്രഹം സധിക്കുന്ന കിണറെ എനിക്ക് ഒരു വീട് വേണം: രാജകൊട്ടാരം പോലെയുള്ളത് ". എന്നും പറഞ്ഞ് അയാൾ അവിടെ നിന്നും പോയി. അങ്ങനെ ആ നാട് മുഴുവനും സന്തോഷമായിരുന്നു.പെട്ടെന്നൊരു ദിവസം കിണറിന് വാർദ്ധക്യം പിടിപ്പെട്ടു.

അതിന് അതിന് ആരുടെയും അഗ്രഹം നടത്താൻ സാധിച്ചില്ല. അത് വിഷമത്തോടെ പറഞ്ഞു. "എന്നിക്കിപ്പൊ ആരുടെയും ആഗ്രഹം നടത്താൻ കഴിയുന്നില്ല. ഞാനാകെ പൊട്ടിയില്ലേ.ഞാൻ ആകെ കേട്ടുവന്നല്ലോ". ഇതെല്ലാം കണ്ടും കേട്ടും  നിൽക്കുന്ന ഒരു ദേവത ഉണ്ടായിരുന്നു. ആ ദേവത ഈ കിണറിന്റെ അടുത്ത് വന്നു. വിഷമം കണ്ടു ദേവത കാര്യം ചോദിച്ചു. നടന്നതെല്ലാം കിണർ ദേവതയോട് പറഞ്ഞു.

എന്നിട് കിണർ പഞ്ഞു: "മലയുടെ മുകളിൽ മായാജാലകം ഉണ്ട് അതിനോട് കാര്യങ്ങൾ എല്ലാം പറയണം.ദേവത പറഞ്ഞതുപോലെ ചെയ്യാൻ വേണ്ടി പോയി ആ സമയത്താണ് ഒരു കൊച്ചു കുട്ടി ആ കിണറിന്റെ അടുത്തേക്ക് വന്ന് ഓരാ ഗ്രഹം പറഞ്ഞത്. "കിണറെ എനിക്ക് വളർത്താൻ ഒരു നായക്കുട്ടിയെ വേണം". എന്ന് പറഞ്ഞ് ആ കുട്ടി പോയി. പക്ഷെ, കിണറിന് ആ കുട്ടിയുടെ ആഗ്രഹം നടത്താത്തിൽ സങ്കടം ഉണ്ടായിരുന്നു. ആ സമത്ത് ദേവത വന്നു എന്നിട്ട് ആ മല പഞ്ഞപോലെ ഒരു മന്ത്രം ചെല്ലി. കിണർ പഴയെ പോലെ ആയി. ആഗ്രഹങ്ങൾ സാധിച്ചു.

saniyya Ayisha
Vill- E

## കലയും കുമാരിയും

ഒരിടത്ത് ലണ്ടൻ എന്ന നഗരം ഭരിച്ചിരുന്ന നല്ലവരാ രാജാവും റാണിയും ഉണ്ടായിരിന്നു. ഒരു പാട് കാലതിനു ശേഷം അവർക്ക് ഒരു പെൺകുഞ്ഞ് ജനിച്ചു. ലോകസുന്ദരി,ഭംഗിയുള്ള മിഴികൾ അതിലേറെ മനോഹരമായിരുന്നു അവളുടെ സ്വർണ്ണ നിറമുള്ള മുടി. അവളുടെ പേര് ജയ്ൻ എന്നാണ്.

അവൾ വളർന്നു വലുതായി പത്താം വയസ്സിൽ തന്നെ കലാകാരിയായി പൂന്തോട്ടം, കാട് ,നഗരം, ക്കൊട്ടാരം, ഭൂമി ഇങ്ങനെ ഒരു പാട് ചിത്രം അവൾ വരക്കുമായുന്നു. ഒരു ദിവസം അവൾ ഒരു പൂന്തോട്ടം വരച്ചു. പൂത്തുലഞ്ഞു നിൽകുന്ന ചെടികളും മരങ്ങളും മുല്ലവള്ളികൾ അതുപോലെ ഈഞ്ഞാൽ പറന്നു കളിക്കുന്ന കിളികൾ. തേൻ കുടിച്ച് പറന്ന് ഉയരുന്ന ചിത്രശലഭങ്ങൾ.

മരത്തിനു താഴെ മരം കൊണ്ട് നിർമിച്ച ബെജ് തോട്ടം നന കുന്ന സ്ത്രീകൾ ഇതെല്ലാം അടങ്ങിയതായിരുന്നു പൂന്തോട്ടം അവൾ കൽപ്പിച്ചു ഏകതേഷം ഇതുപോലെ ഉള്ള ഒരു പൂന്തോട്ടം പണികഴിപിക്കുക ഉടനെ പണി തുടങ്ങി കൊട്ടാരതിന്റെ മുമ്പിലായിരുന്നു പൂന്തോട്ടം കുറച്ചു ദിവസങ്ങൾക്ക് ശേഷം പണി പൂർതിയാക്കി .ചെടികൾ മാത്രം പൂവില്ല മരത്തൈകൾ മാത്രം ഒരു കിളിപോലും ഇല്ല .ഒരുപാട് കാലത്തിനു ശേഷം മരങ്ങളും ചെടികളും ജയ്നും വലുതായി .

ഒരു വസന്തകാലം

ജയ്ൻ രാവിലെ പുറത്തു വന്നപ്പോൾ അതിശയിച്ചു പോയി താൻ വരച്ചതിനെക്കാൾ മനോഹരമായ പൂന്തോട്ടം അവൾ പതുക്കെ തോട്ടതിലേ കിറങ്ങി മരത്തിന് താഴെയുള്ള ബെജിൽ അവൾഇരുന്നു സുഗന്തം പരത്തുന്ന തണുത്തകാറ്റ് അവളെ തഴുകി കിളികൾ പാട്ടു പാടുന്നു.അവൾ ഊഞ്ഞാലയുടെ അടുത്ത് ചെന്നു .മുല്ലവള്ളികൾ ചുറ്റപെട്ട ഊഞ്ഞാലയിൽ ഇരുന്നപ്പോൾ മുല്ലപൂക്കൾ അവളുടെ ശരിരതിൽ തട്ടി തറയിലേക്ക് വീണു തണുത്ത സുഖന്തം പരത്തുന്ന കാറ്റ് അവളെ ഊഞ്ഞാലിൽ ആട്ടികൊണ്ടിരുന്നു പൂ തോട്ടതിൽ നിന്ന് തേൻ കടിച്ച് പറന്ന് ഉയരുന്ന ചിത്രശലഭങ്ങളെ നോക്കി അവൾ അവിടെതന്നെ ഇരുന്നു രാജാവായ അലക്സും റാണിയായ ഗംഗയും അവിടെക്കു വന്നു അവരും ആപ്രകൃതി ഭംഗിയിൽ മറഞ്ഞു നിന്നു രാജകുമാരിക്ക് വളരെ സന്തോശമായി അവൾ സന്തോശം കൊണ്ട് തുള്ളി ചാടി

രാജാവു പറഞ്ഞു പ്രകൃതിയെ നശിപികുന്നവർക്ക് കഠിന ശിക്ഷ നാം വിധിക്കുന്നതാണ്

ജയനെ കുറിച്ച് കേട്ടറിഞ്ഞ് അയൽ രാജ്യത്തെ ശക്തനും മല്ലനും മായ സ്വരൂപ് രാജകുമാരൻ അവളെ തേടിവന്ന് കുറച്ച് കാലത്തിനു ശഷം സ്വരൂപിന്റെയും ജയ്നിന്റെയും വിവാഹം നടന്നു അവിടെ ഉണ്ടായിരുന്നു ഒരു പൂന്തോട്ടം അവൾ വരച്ചത് പോലെയുള്ളത് .

ഫാസില .P

VIII .E

# മഴവെള്ളത്തിൽ കളിവള്ളം

ഇപ്പോൾ മഴക്കാലമാണ് രാവിലെ എണീറ്റാൽ മഴ ഭയങ്കര മഴ വൈകുന്നേരവും രാത്രിയുംമഴ ഹോ എന്തൊരു തണുപ്പാണ്• രാത്രി മഴ പെയ്യുമ്പോൾ കമ്പിളിപ്പുതപ്പ് മിട്ടുകിടക്കാൻ എന്ത് സുഖം രാവിലെ ആയാലും എണീക്കാൻ തോന്നില്ല

പുതച്ചുമൂടി കിടക്കാൻ തോന്നും സ്കൂളിലെ എന്ന് വിചാരിച്ച് വിചാരിച്ച് എണീക്കും എന്നാലും തണുപ്പ് ഉണ്ടാകും ഞാൻ പല്ലുതേച്ച് ചായ കുടിക്കാൻ അടുക്കളയിലോട്ടു ചൊല്ലും തണുപ്പുള്ള സമയത്ത് ചൂട് ചായ കുടിക്കാൻ എന്തൊരു സുഖം ആണെന്നോ? എന്നിട്ട് ഞാൻ മുറ്റത്തേക്കിറങ്ങി കുണ്ടും ; കുഴികളിലും നിറയെ ചളി വെള്ളം ഞാൻ അകത്തേക്ക് പോയി പേപ്പർ എടുത്ത് കുറേ തോണി ഉണ്ടാകും അതെടുത്ത് ഞാൻ മുറ്റത്തേക്ക് പോയി പതുക്കെ വെള്ളത്തിൽ വെക്കും എന്നിട്ട് വെള്ളം പതുക്കെ ഇളക്കികൊടുക്കും തോണി പതുക്കെ പോകുന്നത് കാണാൻ എന്തൊരു രസം

By

Fathima Hisna

8:B

# ആമിനക്കുട്ടിയുടെ ആവലാതികൾ

**ആസ്വാദനക്കുറിപ്പ്**

പി.രാധാകൃഷ്ണന്റെ 'ആമിനക്കുട്ടിയുടെ ആവലാതികൾ' എന്ന കഥ എനിക്ക് വളരെ ഇഷ്ടമായി.ആമിനക്കുട്ടിക്ക് എല്ലാവരെക്കാളും ആവലാതിയാണ്. ആമിനക്കുട്ടി തന്റെ ആവലാതികൾ ഒരു പുസ്തകത്തിൽ കുറിക്കുകയാണ് പതിവ്. ആമിനക്കുട്ടിയുടെ ആവലാതികൾ വെറുമൊരു ബാലികയുടെ പരാതി ക്കുറിപ്പുകളല്ല. അവ താൻ ജീവിക്കുന്ന സമൂഹത്തിന്റെ തന്നെ പതിവുശീലങ്ങളോടും നടപ്പുകളോടുമുള്ള ചില വിയോജിപ്പുകളും പ്രതിഷേധങ്ങളുമാണ്. തിരുത്തൽ ആവശ്യപ്പെടുന്ന വഴക്കങ്ങളുടെ കടയ്ക്കലേക്ക് നീണ്ടു ചെല്ലുന്ന വാക്കിന്റെ മൂർച്ചകൾ ഇതെത്തു കൊണ്ട് ഇന്നുവരെ ചിന്തിച്ചില്ല എന്നൊരു ആത്മ പരിശോധനയ്ക്ക് ഈ കഥകൾ നമ്മെ വിനേയരാക്കുന്നു . ഈ കഥയിൽ ഇരുപത്തിയൊന്ന് ഉള്ളടക്കങ്ങളുണ്ട്. ഈ ഓരോ ഉള്ളടക്കത്തിലും അവൾക്കുണ്ടാകുന്ന ആവലാതികൾ തീരുന്നില്ല. ഈ കഥയെക്കുറിച്ച് നമ്മൾ ഒരു പാട് പറഞ്ഞില്ലേ. ഇനി ഇതെഴുകിയ പി.രാധാകൃഷ്ണനെ പറ്റി അറിയാം. 1964 ഒക്ടോബർ 30 ന് പാലക്കാട് ജില്ലയിലെ പട്ടിത്തറയിൽ ജനനം. അച്ഛൻ പരമേശ്വരൻ നായർ അമ്മ സുലോചന. ഭാര്യ ഗീത മക്കൾ ശ്രീ ഗോവിന്ദ്, മനുദേവ് . ഈ കൊച്ചു ആമിനക്കുട്ടിയുടെ കൊച്ചു കൊച്ചു ആലാതികൾ പറഞ്ഞാൽ തീരില്ല.

അനില. കെ

8 N

## മതേ തരത്വം

മതത്തിന   മദമിളകി
മനുഷ്യർ തെരുവിലറങ്ങി
ദൈവങ്ങൾ നിസ്സഹായരായി ............
നെറ്റിയിൽ കുരിശു വരച്ച,
ചന്ദനക്കുറി വരച്ച,
ചന്ദനകല വരച്ച
ശവക്കുമ്പാരങ്ങളെ ഏറ്റുവാങ്ങി    മണ്ണ് ,
മതേതരത്വത്തിന്റെ
പ്രതീകമായി --------

അൻവർ മാസ്റ്റർ
(സോഷ്യൽ സയൻസ്)

## അവൾ

വേരുകൾ ഉറച്ച മണ്ണിൽ
ഇന്നതാരോ പിഴുതെറിയുന്നു
വിധിതൻ വിളയാട്ടത്തിൽ വഴങ്ങുന്നിതാ അവൾ
പോകുന്നിടം ഇരുട്ടോ പ്രകാശമോ
പോകാതിരിക്കാനാകില്ലെന്നോണം
വിധിതൻ വിളയാട്ടത്തിൽ വശപെട്ടു പോകിലാം
കണ്ണുനീർ നനച്ചിതാ പടിയിറങ്ങുന്നു
ജീവിത പടർപ്പുകൾ പറിച്ചു നട്ടുന്നിതാ
പ്രകാശത്തിനായി നീങ്ങുന്നതാ..........
വസന്തത്തിനായി വഴി വെട്ടി വെട്ടി .........

by മേഘ.കെ

**വളപ്പൊട്ടുകൾ**

-----------------------

വേറിടാത്ത മുടിയിണകൾ,
ചകിരിയും കച്ചിത്തുരുമ്പുമയെന്തേ??
ചെകുത്താന്റെ മറുവിളിയും കാതോർത്തു,
ചിരി മണ്ണടിഞ്ഞ പതിനാറിനു മുന്നിൽ
അവശയായി അവളും വിറച്ചു.

അഴിഞ്ഞു കിടക്കുന്ന ചുണ്ടുകളിലും,
ഉണങ്ങാത്ത മുറിവിന്റെ രക്തത്തുള്ളികൾ.
വിണ്ടുകീറിയ പാദങ്ങളിൽ,
കൗമാരത്തിന്റെ കുസൃതികൾ ;
മായാതെ കിടക്കുന്നുവോ?

ഏറെ വിങ്ങലുമായി അവൾ,
തേങ്ങുമ്പോഴും
ചെന്നായ്ക്കൾ ഓലിയിടിന്നു.
സ്വാതന്ത്ര്യം ലഭിച്ചെന്നു പറയുന്നത്രെ
കാപല്യം !!

സ്ത്രീത്വത്തിനു മുന്നിൽ കാലം
ഉറങ്ങികിടക്കുന്നുവോ ; അതോ,
ഉറക്കം നടിക്കുന്നുവോ??
മാറിടുക്കിലും മായാത്ത,
മാതൃത്വത്തിന്റെ മിഥുനം !!

പൊട്ടിക്കരഞ്ഞാലും സഖേ......
പിച്ചിച്ചീന്തുമീ ലോകം നിന്നെ
സിന്ദൂരപൂരത്തിൽ സത്യമില്ലെങ്കിൽ
എവിടെയാണ് നീതിദേവതേ സമത്വം??

ജീവനൊടുക്കുമ്പോഴും അവൾ
പൊട്ടിച്ചിരിക്കുന്നുണ്ടായിരുന്നു ;
ചിതറി കിടന്ന വളപൊട്ടുകളിൽ.

Anshida.K – 10.I

# തെന്നൽ

മയങ്ങിയുറങ്ങിയ രാവിൽ നിലാവിന്റെ,
താരാട്ടിൽ കണ്ടു ഞാനൊരു മേഘ ലോകം.
ആ ലോകത്തിൽ ഞാൻ ഏകയെങ്കിലും,
കൂടെ ഉണ്ട് പല ബാലിക ബാലന്മാർ.

എന്റെ മനസ്സിൽ നിറഞ്ഞു ആ ലോകം,
ലോലമാം നന്മയുടെ പൂവിതൾ  പോലെ.
കണ്ടു ഞാനൊരു ബാലികയെന്നെ,
ദൃഷ്ടി നിലക്കാതെ നോക്കി നിൽപ്പൂ.

നീങ്ങി ഞാൻ ചെന്നവളുടെ അരികിൽ,
നിന്നപ്പൊ, കണ്ടു ഞാനൊരു തരിവള,
യവളുടെ കയ്യിൽ,  തിളങ്ങുന്ന പനിനീരിൻ,
ചന്തമാണവള എൻ കിനാവിൽ പതിഞ്ഞു.

ളുവൽ പോലെ, പെട്ടന്നെതാ ഞാൻ കേൾപ്പ-
- ു പൊട്ടി നിലത്തു ചിതറി മുത്തുപോൽ.
അവളെൻ മുന്നിൽ നിന്നിതാ കരയുന്നു.
എന്റെ മിഴി നിറഞ്ഞു മുത്തുപോൽ താഴെ,

ചിതറി, പൊട്ടിയ വളക്കുമേൽ,
പെട്ടന്നിതാ ഞാൻ ഞെട്ടി ഉണർന്നിതാ,
സൂര്യനാം അമ്മ തഴുകുന്നു എന്റെ മേൽ,
എങ്കിലും പൊട്ടിയ ആ വള എൻ മിഴി-
-ക്കുള്ളിൽ കിടന്നിതാ അലയുന്നു.

Fathima fida.k – 9.B

## പ്രതീക്ഷയുടെ നാമ്പുകൾ

പുലർമഞ്ഞിന്റെ തണുപ്പിലും അയാളുണർന്ന് തന്റെ വാഴത്തോട്ടതിന്റെ ഭാവി വളർച്ചക്കു വേണ്ടി ഒരു കൊട്ട വെള്ളവും സ്വപ്നവും മായി നടന്നു .ഇന്നലത്തെ വളപ്രയോഗം എങ്ങനെ, എന്ത് മാറ്റം വരുത്തി കാണുമെന്നയാൾ മന കോട്ടകെട്ടി, ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന ആ ചെറിയ കുടുമ്പം കഴിഞ്ഞിരുന്നത് അയാളുടെ കൃഷി പണിക്കൊണ്ട് കിട്ടുന്ന വരുമാനം കൊണ്ടു മാത്രമായിരുന്നു.അച്ഛനും മുത്തച്ഛൻമാരുംമെല്ലാം കൃഷികാരായിരുന്നു.

വലിയ അല്ലലില്ലാതെ അവർ ഇരുലോകത്ത് ജീവിച്ചു മരിച്ചു .നെല്ല് വിളഞ്ഞിരുന്ന പാടത്ത് ഇന്ന് വാഴനിൽക്കുന്നു.കുലക്കണോ വേണ്ടയോ എന്നാലോജിച്ച് പട്ടിണിക്കും പരിവട്ടങ്ങൾക്കിടയിലും ഓരോ വാഴക്കുമ്പും വിടരണം, വിളയണം എന്ന ഒരാശയിൽ അയാൾ തന്റെ വിയർപ്പിനാൽ മണ്ണിനെ കുളിരണിയിച്ചു. ഒരു നല്ല കൃഷിക്കാരൻ അല്ലാത്തതുകൊണ്ട് അല്ല രാസവളങ്ങൾ ഉപയോഗിക്കാൻ അയാൾ ആൾ നിർബന്ധിതനായ താണ് . എന്നിട്ടും സാമ്പത്തിക പട്ടികയിലും ഗ്രാഫിലും അയാളുടെ നില ശരാശരിയിലും എത്രയോ താഴെയായിരുന്നു. ഇന്നലെ കൂടി അയാൾ ഭാര്യയുമായി വഴക്കിട്ടു, അവൾ ഭയങ്കര പ്രസംഗിക യാണ് ആധുനിക ആശയ വാദിയാണ് അയാൾ അവളെ കുറ്റപ്പെടുത്തി ഇരുന്നു എങ്കിലും ഉള്ളിനുള്ളിൽ അവൾ പറയുന്നതിലും ചെറിയ ശരിയല്ലേ എന്ന് തോന്നിപ്പോയി.

" ഉള്ളപാടവും പള്ളിയിലും വിറ്റ് കൃഷി കൃഷി എന്നുപറഞ്ഞു നടക്കാതെ ഒരു ചെറിയ കടയോ മറ്റോ ഇട്ടു ജീവിച്ചാൽ ഇന്ന് കുട്ടിയോളും കൊണ്ട് കഴിയാം. അതെങ്ങനെ പറഞ്ഞാൽ കേൾക്കണ്ടേ? പാടത്തെ വാഴയുടെ അത്ര വില നമുക്കില്ലല്ലോ" അവൾ പറഞ്ഞത് ശരിയാണ് വാഴയുടെ അത്ര വില അവൾക്കില്ല തൻറെ ഏറ്റവും വലിയ സമ്പാദ്യവും വും സ്വപ്നവും എല്ലാം എന്നും ആ വിടർന്നുനിൽക്കുന്ന പച്ചിലകൾകാണ്. കൊറേ സ്കൂളിലൊന്നും ഒന്നും പോയി പഠിച്ചിട്ടില്ലെങ്കിലും അച്ഛനപ്പൂപ്പന്മാർ പറഞ്ഞ ചില അറിവ് ഉണ്ട് പച്ചിലകൾ ഇല്ലാതെ നാം ഇല്ല.മണ്ണിൻറെ മണം ഏൽക്കാതെ മനുഷ്യന് ജീവിക്കാൻ ആവില്ല. ഉള്ള കാലവും അങ്ങനെ തന്നെ പോട്ടെ, ചിന്തകൾക്ക് അവസാനം ഇല്ല ഇപ്പോൾ താൻ ആ വാഴക്കുമ്പ് കളെ കുറിച്ചു ചിന്തിക്കുന്നതാണ് നല്ലതെന്ന് തിരിച്ചറിവിൻ അയാൾ പാടത്തേക്ക് നടന്നു കാറ്റ് അയാളെ അനുഗമിച്ചു അയാളുടെ വരവിനായി കാത്തിരുന്ന വാഴയില അയാളെ തൊട്ടു, പുൽകി, സ്വാധീനിപിച്ചു.

ശിവാനി. E.S 9.F

## പുത്തൻമഴ

മാനം  കറുക്കുന്നു...

പുൽച്ചെടികൾ  ഉണരുന്നു.
പെൺമുത്തുപോൽ  വരുന്നിതാ
മാനത്തുനിന്ന്  മഴത്തുള്ളിൽ

മുറ്റത്തുനിന്നതാ  പിഞ്ചുകുട്ടികൾ
വള്ളം  പണിയുന്നു.
നീറ്റിലൊഴിക്കുന്നു.
ഞാനും കൊതിക്കുന്നു.
തോണിയൊഴുക്കുവാൻ

കുട്ടികളെന്നെയും  കൂട്ടി
കൂടെ...  കളിക്കുവാൻ

പെട്ടെന്നു  ഞെട്ടിയുണർന്നു  ഞാൻ
മഴയിലല്ല,  മഴവെള്ളമില്ല,  തോണിയുമില്ല
വരണ്ട  മൺതരികൾ  മാത്രം

Malavika C.T - 9 M

## ചെറുപുഷ്പം

മുഖമെന്ന  കണ്ണാടിയിൽ
തെളിയുന്ന  ഭാവങ്ങളും
നിറയുന്ന  പുഞ്ചിരിയും
തഴുകുന്ന  സ്നേഹവുമെല്ലാം
വിടരുമോ
ഒരു  ചെറുപുഷ്പമായി
തെല്ലുമേ  വിടരുമോ  ചെറു-
പുഷ്പമേ  നീ...

Malavika C.T
9 M

## ഓർമക്കുറിപ്പ്

പ്രശസ്ത്ത എഴുത്തുകാരനും, രാഷ്ട്രപതിയുമായ എ.പി.ജെ അബ്ദുൾ കലാമിന്റെ "ഓർമ്മക്കുറിപ്പായ വഴിത്തിരുവുകളാണ് " ഞാൻ വായിച്ചത്.ഭാരതത്തിന്റെ എക്കാലത്തും മറക്കാനാവാത്ത സംഭാവനകൾ നൽകിയ അതുല്യ പ്രതിഭ ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ ഓർമക്കുറിപ്പാണിത്. കർമ്മ നിരതമായ രാഷ്ട്രപതി കാലഘട്ടത്തിന്റെ അഞ്ച് വർഷത്തിന്റെ സഫല നിമിഷങ്ങളെ ഓർത്തെടുക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ ഇന്ത്യയുടെ സർവതോമുഖ വികസനം നെഞ്ചിലേറ്റി നടന്ന ഒരാളുടെ ഹൃദയമിടിപ്പുകൾ ഇതിലുണ്ട്. 2020 ലെ വികസിത ഭാരതം എന്ന സ്വപ്നത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ചതിന്റെ കാരണങ്ങും ഇതിൽ വിശദമായി വിവരിച്ചിട്ടുണ്ട്. രാഷ്ട്രീയ- സാമൂഹിക-സാംസ്കാരിക-ജീവകാരുണ്യ മേഖലകളിൽ ഹൃദയപൂർവമിടപെട്ട ജനപ്രിയ പ്രസിഡന്റിനെ കുറിച്ചും വിശദമായി ഈ ഓർമ്മക്കുറിപ്പിൽ പറയുന്നു. ഈ ഓർമക്കുറിപ്പ് പ്രധാനമായും നമ്മോടു പറയുന്നത് ഏതെങ്കിലുമൊരു വ്യക്തിക്കോ കുടുംബത്തിനോ തങ്ങളുടെ ജീവിതത്തിൽ കൂടുതൽ നല്ലതും മികവാർന്നതുമായ കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്നും, ജീവിതത്തിലെ ലക്ഷ്യങ്ങളെയും, കുടുംബ തർക്കം അകറ്റി നല്ല മനുഷ്യനായി ജീവിക്കാനാണ് ഈ ഗ്രന്ഥം നമ്മോടു പറയുന്നത്. എം പി. ജെ അബ്ദുൾ കലാം എന്ന ഈ മഹാ വ്യക്തി , ഓരോ അനുഭവത്തിന് അനുസരിച്ച് നമ്മുടെ മനസിനെ ശരിയോ തെറ്റോ എന്ന് പറയാൻ വേണ്ടി നല്ല ചിന്താവിഷയങ്ങൾ ഓരോ അനുഭവത്തിന്റെ മേലെ തന്നിട്ടുണ്ട്. 200 ലധികം പേജുള്ള ഈ ഗ്രന്ഥം വെറും 5 പേജുകൾ വായിച്ചാൽ തനിയെ നമുക്ക് എ.പി.ജെ അബ്ദുൾ കലാമിനെ ഇഷ്ടപ്പെടും.

ഇതിൽ 5 മത്തെ തന്റെ അനുഭവത്തിൽ എഴുത്തുക്കാരൻ ഇവിടെ വിശേഷിപ്പിക്കുന്നുണ്ട് നമ്മുടെ രാജ്യത്തിന് എന്താണെനിക്ക് നൽകാനാവുക എന്ന ഈ ചോദ്യം ശരിയെന്ന് തോന്നിക്കുന്നതാണ്. ഒരു രാഷ്ട്രപതിക്ക് 26 ജനുവരി റിപ്പബ്ലിക് ദിനത്തിൽ രാജ്യത്തിനെ അഭിസംബോധന ചെയ്യാൻ അവസരമുണ്ട്. ഈ ദിവസത്തിൽ രാജ്യത്തെ അഭിസംബോധന ചെയുമ്പോൾ രാഷ്ട്രപതിയായ എഴുത്തുകാരൻ ആലോചിക്കും രാജ്യത്തിന് എന്താണ് നൽകുക ? അപ്പോൾ ആലോചിച്ചത് എന്തെന്നാൽ ചിന്താവിഷയം പകർന്ന് നല്ല മനുഷ്യനാകാൻ പഠിപ്പിക്കണം എന്നായിരുന്നു. അതിൽ 100 % വിജയിക്കുകയും ചെയ്തു.

ഇതിൽ നിറയെ ആളുകളെ പരിചയപ്പെടുത്തുന്നുണ്ട് ഇതിൽ എന്നിക്ക് ഏറ്റവും ഇഷ്ടമായ ചിന്താ വിഷയം

" അറിവുകൊണ്ടു മാലാഖമാർ സ്വതന്ത്രരാണ് അറിവില്ലായ്മ കൊണ്ട് മൃഗങ്ങും സ്വതന്ത്രരാണ് ഇതിനു രണ്ടിനുമിടയിൽ കിടന്ന് പെടുകയാണ് മനുഷ്യ പുത്രൻ "

മനുഷ്യർക്ക് അറിവില്ലായ്മ ആണ്. അത് കൂടുതലായതു കൊണ്ട് ജീവിതത്തിന്റെ പാളങ്ങൾ തെറ്റി പോകാൻ സാധ്യതയുണ്ട് എന്നാണ് എഴുത്തുക്കാരൻ ഇതിൽ നിന്നും അർത്ഥമാക്കുന്നത് .

"ലക്ഷ കണക്കിന് യുവാക്കളെ നിരന്തരം പ്രചോദിപ്പിച്ച് പ്രഭാഷണങ്ങളിലൂടെ ജനമനസുകളെ വെളിച്ചത്തിലേക്ക് നയിച്ച ധന്യജീവിതത്തിന്റെ ദീപ സ്മരണ " **Pavithra.A -10 L**

# കുടവയറൻ

കാറ്റു നിറച്ചൊരു കുടവയറൻ
കൂ കൂ ചൊല്ലി പറഞ്ഞപ്പോൾ
സൂചിയുമായി കൂട്ടിയടിച്ച്
"ട്ടപ്പോ" പൊട്ടി കുടവയറൻ



**Fathimath Thasni.M**
**8-G**

# Everything To Me…

You are the light,
When there is no Sun
You are the rainbow,
After the rain is done
You are the star,
That twinkles in the night
You are the moon,
That glow so bright
You are the wind,
That whistles my name
You are the love,
When the world is sane
You are the flower,
That bees never miss
You are the beach,
That warm sun kisses



Shahma. KP
8-D

# ഒരിക്കൽ കൂടി

എം. ഇ. എസ്. എച്ച്. എസ്. എസ് ഇരിമ്പിളിയം എന്ന അക്ഷരമുറ്റത്തേക്ക് പ്രതീക്ഷകയോടെ ഓടിയെത്തിയ ഞങ്ങൾ വിരഹത്തോടെ ഈ കലാലയത്തോട് വിടപറയാൻ പോകുന്നു. ഒരു പിടി സ്വപ്നങ്ങളേക്കാളേറെ ഒരുപാട് അനുഭവങ്ങൾ നൽ കിയെങ്കിലും അതു മുഴുവനായുംഅനുഭവിക്കാനുള്ള ഭാഗ്യമില്ല. ഇവിടെ ഈ കലാലയം പഠിപ്പിച്ചത് പുസ്തക താളു കളിലെ അക്ഷരത്തെ മാത്രമായിരുന്നില്ല. അതിനെക്കാളേറെ വിലമതിക്കുന്ന സുഹൃത്തുക്കളെയാണ്. വിത്തുകൾ പൊട്ടിമു ളച്ച് വരുന്നത് പോലെ ഞങ്ങളും ഞങ്ങൾക്കിടയിലെ ബന്ധങ്ങള ും വളരുകയായിരുന്നു. പ്രണയം മറന്ന കാന്റീനും, കള്ളക്കഥകൾ പറഞ്ഞ ചുവരുകളും, കണ്ണീരൊപ്പിയ കൂട്ടുകാര ും, ഞങ്ങളുടെ ഭാരം സഹിച്ച ഇരിപ്പിടങ്ങളും, താളം കൊട്ടിയിരുന്ന ക്ലാസ് മുറികളും, കലാലയത്തിലേക്ക് വരുന്ന ആ നടപ്പാതകളും എല്ലാം ഇനി ഓർമകൾ മാത്രം..........


അവസാന നിമിഷം വന്നെത്തിയിരിക്കുന്നു. കലാലയത്തിലെ ഓരോ മൺതരികളോടും യാത്ര പറയാൻ വേദനകളെല്ലാം കടിച്ചമർത്തി പടിയിറങ്ങാൻ സമയമായി.

കഴിഞ്ഞു പോയതത്രയും ഇനി ഒരിക്കൽ കൂടി ആവർത്തിച്ചിരു ന്നെങ്കിൽ ഇനിയും അതിലേറെ ആസ്വദിക്കാമായിരുന്നു. മറവിയുടെ കൈകളിലേക്ക് നൽകാനാവാത്ത ഒരായിരം ഓർമ്മകൾ തിങ്ങി നിൽക്കുന്ന കലാലയം മനസ്സിനെ കു ളിരണിയിക്കുന്നു. ഇനിയും വാർദ്ധക്യമെത്താത്ത ആ നടപ്പാതകളും ക്ലാസ് റൂമുകളും പറയുന്ന കഥകൾ ഒരിക്കൽ കൂടി കേൾക്കാൻ പറ്റിയിരുന്നെങ്കിൽ.

എം. ഇ. എസ്. എച്ച്. എസ്. എസ് ജീവിതത്തിന്റെ ഓരോ ഋതു ഭേദവും ഒരു പോലെ സ്വീകരിച്ച സൗഹൃദവും നിറം നഷ്ടപ്പെടാത്ത ഒരായിരം ചിത്രങ്ങളും നിറഞ്ഞ ജീവിതത്തിന്റെ വസന്തകാലം........ ഇനിയ ും പൂവണിയാനായി ഒരു മഴക്കാലത്തെ കാത്തിരിക്കുന്നു ......................!

**Fathima Binshi. P 8-E**

# The World Outside Home



'Women' Yes women faces many challenges from ancient times and still now in different ports of the world. I think women have equal role in outside as well us home. As we all know India had a woman prime minister, president our darling daughter Kalpana Chawla. These women are example for gender discrimination countries. We don't forget Malala who fight and sacrifice for women. Now women not house wives. They are home makers and also nation makers. Education is the best solution to change all problems. It is the solution to change the mentality of women and change the gender discrimination. Women is all in our home. All in our home are connected with women. She is the pillars of house, fire in upon the heart. She is the light of love. Now, in this occation I remember the words of Pandit Jawaharlal Nehru "To awaken the people, must wake women, when she travels the nation was also travels". Let's hands together for women empowerment and stop gender discrimination.

**Nihala.K**
**8-B**

# സംസ്കാരവും വിദ്യാഭ്യാസവും

ഇന്നത്തെ സമൂഹത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിയമാണ് സാംസ്കാരവും വിദ്യാഭ്യാസം എന്നത്. മനുഷ്യരുടെ സംസ്കാരം നിലനിർത്താൻ ഉതകുന്ന ഒരു പ്രധാന ഘടകമാണ് വിദ്യാഭ്യാസം. വിദ്യ ആർജിക്കുക എന്നത് മാത്രമല്ല വിദ്യാഭ്യാസം. എങ്ങനെ പെരുമാറണം, നല്ല സ്വഭാവം നേടണം, നല്ല സംസ്കാരവും നേടണം എന്നതും വിദ്യാഭ്യാസത്തിലൂടെ നമുക്ക് നേടിയെടുക്കാം. നിറയെ അറിവുണ്ടായതു കൊണ്ട് കാര്യമില്ല. സാംസ്കാരമുണ്ടെങ്കിലെ നാം ഒരു മനുഷ്യനാകൂ. വിദ്യാഭ്യാസം ലഭിച്ചിട്ടും സാംസ്കാരം ഇല്ലാത്ത എത്രയോ പേർനമ്മുടെ സമൂഹത്തിലുണ്ട്. ഒരു മനുഷ്യന് നിരക്കാത്ത ചെയ്തികൾ അവൻ ചെയ്തുകൂട്ടുന്നു.

സാംസ്കാരമില്ലാത്ത ജനത അധഃപതിക്കുന്നതുപോലെ വിദ്യാഭ്യാസമില്ലാത്ത ജനതയും എത്ര വേഗമാണ് അധഃപതിക്കുന്നത്. വിദ്യാഭ്യാസം കൊണ്ട് നാം നേടിയെടുക്കുന്നത് സംസ്കാരമാണ്. വിദ്യാഭ്യാസമാണ് നമ്മെ പൂർണമനുഷ്യനാക്കി മാറ്റുന്നത്. സാംസ്കാരമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അധ്യാപകരാണ് അതിന്റെ സന്ദേശവാഹകർ.

വിദ്യാഭ്യാസം എന്നത് സ്കൂളിൽ പഠിക്കുന്നത് മാത്രമല്ല. നമുക്ക്  ചുറ്റിലുമുള്ള ഓരോ നല്ല പ്രവർത്തികളും, പിന്തുടരുമ്പോൾ ഒരു തരത്തിൽ വിദ്യാഭാസമാണ്. അവിടെ നിന്നും സംസ്കാരം നേടാം. ഇവിടെയാണ് സംസ്കാരവും വിദ്യാഭാസവും ഏറ്റവും കൂടുതൽ ഒത്തു ചേർന്നിരിക്കുന്നത്. നമുക്ക് ചുറ്റുമുള്ള കാര്യങ്ങൾ നാം പിന്തുടരുമ്പോൾ അതിൽ നിന്നും നല്ല കാര്യങ്ങൾ, സംസ്കാരമുള്ള ഒരു ജനതയിലാണ് നാം ജീവിക്കുന്നതെങ്കിൽ നമ്മളിലേക്കും അത് പകർന്ന് വരും. ഇനിയുള്ള തലമുറയും ഇത്പോലെയാണ് വന്ന് ഭവിക്കുക. ഒരു നല്ല സംസ്കാരം നേടിയെടുത്താലെ വരും തലമുറക്കും നാം ഒരു പ്രചോദനമായി മാറുകയൊള്ളു.

ലോകത്തെ നന്മയിലേക്ക് നയിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ കർമ്മം. ഇനിയും എത്രയോ ജനങ്ങൾ വരാനിരിക്കുന്നു. അവർ സംസ്കാരമില്ലാത്തവരായാൽ ഈ ഭൂമി തന്നെ ഇല്ലാതാകും.  വിദ്യാഭ്യാസമുണ്ടെങ്കിലും സംസ്കാരമില്ലാത്തതിനാൽ കുട്ടികൾ പോലും എത്ര  ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. സംസ്കാരമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്നത് നമ്മുടെ കടമയാണ്. നാം അത് പാലിക്കേണ്ടിയിരിക്കുന്നു. സംസ്കാരമുള്ള ഒരു തലമുറയെ നേടിയെടുത്താലേ വരും തലമുറയെയും, ഈ ലോകത്തെതന്നെ ഈ ഭൂമിയിൽ നിലനിർത്താൻ കഴിയൂ.

Fathima Nasrin. K

9-F

## M.E.S Little Kites batch 2018-2020



## M.E.S Little Kites batch 2019-2021



## M.E.S Little Kites batch 2019-2022



## M.E.S S.S.L.C batch 2019-2020






























റിപ്പബ്ലിക് ദിന സന്ദേശറാലി
ജൂനിയർ റെഡ് ക്രോസ്സ്
MES HIGHER SECONDARY SCHOOL
IRIMBILIYAM






മൊഞ്ചുള്ള നാണക്കാരി
ഒപ്പന ഹൈസ്കൂൾ (വളാഞ്ചേരി ഇരിമ്പിളിയം എച്ച്എസ്എസ് മലപ്പുറം) | ജഗത്‌ലാൽ










സ്കൂൾ










2019/11/29 18:08




U 14 inter school championship
ൽ നജ്മുദ്ധീൻ sir ന്റെ മികവിൽ
തുടർച്ചയായി MESHSS
ഇരിമ്പിളിയം
Champions







## പരിസ്ഥിതിസൗഹൃദ ലോകം നമുക്ക് കെട്ടിപ്പടുക്കാം



SEAMANSHIP SCHOOL सीमैनशिप स्कूल







code No - 5
Nishana . 9c
Scanned with CamScanner


Mohammed Raneesh - 8.B
Scanned with CamScanner


GO
Slow
ICE
KCE 55125
Scanned with CamScanner
Ranjith-10-M


Scanned with CamScanner
Rahul-10-I